LIBRARY ARCHIVES Kerala Legislative Assembly

കാരുണ്യ ബെനവലന്റ് ഫണ്ട്

188 (2426) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാരുണ്യ ബെനവലന്റ് ഫണ്ട് ലഭിക്കുന്നതിന് വേണ്ടി ശ്രീ. മത്തായി പി. കെ., പുന്നൂർപിള്ളി, വേങ്ങൂർ പി. ഒ., എറണാകുളം എന്നയാൾ സമർപ്പിച്ച അപേക്ഷയിന്മേൽ തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപ അനുവദിച്ചു എന്നും എപ്പോൾ വിതരണം ചെയ്യുവെന്നും അറിയിക്കുമോ ?

ഉത്തരം

തുക അനുവദിച്ചിട്ടില്ല. ശ്രീ. മത്തായിയുടെ അപേക്ഷയുമായി ബന്ധപ്പെട്ട് ചികിത്സാ രേഖകൾ ഹാജരാക്കുന്നതിനായി കാരുണ്യ ബെനവലന്റ് ഫണ്ട് ഹെഡ് ഓഫീസിൽ നിന്നും 12-10-2014-ൽ കത്ത് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് അവ പരിശോധിച്ച് അപേക്ഷ പരിഗണിക്കുന്നതാണ്.

ലോട്ടറി നറുക്കെടുപ്പിന് യന്ത്രം

189 (2427) ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോട്ടറി നറുക്കെടുപ്പിന് യന്ത്രം ഉപയോഗിക്കുന്ന രീതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) ആയതിന്റെ സവിശേഷതകൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) ഏതെല്ലാം പൊതുമേഖല സ്ഥാപനങ്ങളാണ് ഇതിനുവേണ്ടി സഹകരിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(ഡി) ആയതിന്റെ കാര്യക്ഷമതയും സുതാര്യതയും ഉറപ്പ് വരുത്തുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) നറുക്കെടുപ്പിൽ പൊതുജനങ്ങൾക്ക് പങ്കെടുക്കുവാൻ അവസരം നൽകുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1-7-2013 മുതൽ നറുക്കെടുപ്പ് യന്ത്രം ഉപയോഗിച്ച് നറുക്കെടുക്കുന്ന രീതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) നറുക്കെടുപ്പ് യന്ത്രം ഉപയോഗിക്കുന്നതുമൂലം നറുക്കെടുപ്പ് പ്രക്രിയയിൽ മാനുഷിക ഇടപെടൽ കുറയുകയും സുതാര്യതയും കാര്യക്ഷമതയും വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമൂലം കൂടുതൽ ലോട്ടറി നമ്പരുകൾ കുറഞ്ഞ സമയത്തിൽ നറുക്കെടുപ്പിൽ ഉൾക്കൊള്ളിക്കാൻ കഴിയുന്നു. ഇതുകൂടാതെ വർദ്ധിച്ചു വരുന്ന ടിക്കറ്റ് വിൽപ്പനക്കനുസരിച്ച് നറുക്കെടുപ്പ് പ്രക്രിയയിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുവാൻ സാധിക്കുന്നു.

(സി) സിഡ്കോയും, M/s. മെറ്റൽ ഇൻഡസ്ട്രീസുമാണ് ഇതിലേക്ക് സഹകരിച്ചിട്ടുള്ളത്.

(ഡി) നറുക്കെടുപ്പിന് യന്ത്രത്തിന്റെ കാര്യക്ഷമത കാലോചിതമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് ഒരു ടെക്നിക്കൽ കമ്മിറ്റി നിലവിലുണ്ട്. സർക്കാർ അനുശാസിക്കുന്ന നിയമപ്രകാരമുള്ള രീതിയിൽ സുതാര്യത ഉറപ്പു വരുത്തിയാണ് നറുക്കെടുപ്പ് മെഷീൻ വഴി നറുക്കെടുപ്പുകൾ നടത്തിവരുന്നത്.

(ഇ) നറുക്കെടുപ്പിൽ പൊതുജനങ്ങൾക്ക് പങ്കെടുക്കുവാൻ അവസരം നൽകുന്നുണ്ട്.

കാരുണ്യ പദ്ധതി

190 (2428) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അവയവദാതാക്കൾക്കും കാരുണ്യ പദ്ധതി പ്രകാരം സഹായം നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ;

(ബി) കാരുണ്യ പദ്ധതിയിൽ ചികിത്സാ ധനസഹായം നൽകുന്നതിന്റെ തുക ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) മരുന്നുകളുടെ വില വർദ്ധനവിന്റെ ഫലമായി ഇപ്പോൾ കാരുണ്യ ബെനവലന്റ് സ്കീമിലെ ചെക്ക് ലിസ്റ്റിൽ മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പരിഗണിച്ചിട്ടുണ്ട്. അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിൽ രോഗിക്കു പുറമേ അവയവദാതാവിനുള്ള ചികിത്സയ്ക്കായി കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ അനുവദിക്കുന്നതാണ്. വൃക്കദാതാവും വൃക്ക സ്വീകരിക്കുന്ന രോഗിയും ഒരേ റേഷൻകാർഡിൽ പേരുള്ളവരായാൽ പ്രസ്തുത കുടുംബത്തിന് അനുവദിക്കുന്ന പരമാവധി ചികിത്സാ ധനസഹായത്തുക 3 ലക്ഷം രൂപയായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly